# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, 04712727379 email : obcdirectorate@gmail.com


**BCDD-A1-1157/15**  തീയതി : 15/09/2015

## നോട്ടിഫിക്കേഷൻ

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട, ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ/ എഞ്ചിനീയറിങ് / പ്യുവർ സയൻസ് / അഗ്രികൾച്ചർ / മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി പിന്നാക്ക സമുദായ വികസന വകുപ്പ് ഓവർസീസ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറത്തിന്റെ മാതൃകയും, യോഗ്യതാ മാനദണ്ഡങ്ങളും വിശദ വിവരങ്ങൾ ഉൾപ്പെടുന്ന നോട്ടിഫിക്കേഷനും www.bcdd.kerala.gov.in എന്ന വെബ്ബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ** ചുവടെ ചേർക്കുന്നു.

1) ഫസ്റ്റ് ക്ലാസ്സോടെ അല്ലെങ്കിൽ 60% മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. മേൽ യോഗ്യതയോടെ ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണനയുണ്ടാകും. ബിരുദം നേടിയിട്ടുള്ള വിഷയത്തിന്മേൽ ഉപരിപഠനം നടത്തുന്നവർക്ക് മാത്രമേ സ്കോളർഷിപ്പ് അർഹതയുണ്ടാകൂ.
2) 2015 ഡിസംബർ 1 ന് 40 വയസ്സിൽ താഴെയായിരിക്കണം.
3) ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.
4) ഒരേ രക്ഷകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പ് അർഹതയുള്ളൂ.
5) പദ്ധതി പ്രകാരം ഒരു പ്രാവശ്യം മാത്രമേ ഒരു വിദ്യാർത്ഥിക്ക് സ്കോളർഷിപ്പിന് അർഹതയുള്ളൂ.
6) സർക്കാർ ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള 200 യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹത. മറ്റ് യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നവർ യൂണിവേഴ്സിറ്റിയുടേയും പഠിക്കുന്ന കോഴ്സിന്റേയും മേന്മ ബോധ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കിയാൽ മാത്രമേ അപേക്ഷ പരിഗണിക്കൂ.

7) അപേക്ഷകർ സ്വന്തം ഉത്തരവാദിത്തത്തിൽ യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടേണ്ടതാണ്.
8) സ്കോളർഷിപ്പ് അനുവദിച്ചതിന് ശേഷം കോഴ്സോ പഠനകേന്ദ്രമോ മാറാൻ പാടില്ല.
9) സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർ അത് അറിയിച്ചു കൊണ്ടുള്ള അറിയിപ്പ് ലഭ്യമാകുന്ന തീയതി മുതൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യുന്നതാണ്. പിന്നീട് അതുമായി ബന്ധപ്പെട്ട് യാതൊരുവിധ അപേക്ഷകളും പരിഗണിക്കപ്പെടുന്നതല്ല.
10) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പദ്ധതിയുമായി ബന്ധപ്പെട്ട നിയമാവലിക്കനുസൃതമായി ബന്ധപ്പെട്ട കോഴ്സ് പൂർത്തീകരിച്ച് കൊള്ളാമെന്നും അല്ലാത്തപക്ഷം മുഴുവൻ സ്കോളർഷിപ്പ് തുകയും സർക്കാർ ചട്ടപ്രകാരം തിരിച്ചടച്ചുകൊള്ളാമെന്നുമുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.
11) കോഴ്സ് ഫീസ്, മെയിന്റനൻസ് ഫീസ് ഇനത്തിൽ മറ്റേതെങ്കിലും ആനുകൂല്യം അപേക്ഷകന് ലഭ്യമാകുന്നുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.
12) സ്കോളർഷിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.
13) പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും 26/10/2015 നകം ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യൻകാളി ഭവൻ നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം -3 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

**ഡയറക്ടർ**
*പിന്നാക്ക സമുദായ വികസന വകുപ്പ്*

പകർപ്പ് :

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം/കോഴിക്കോട്
നോട്ടീസ് ബോർഡ്, പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ്
സീനിയർ സൂപ്രണ്ട്, പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ/അധികം

JA 15-9-2015